**No. CEE/5400/2018/LL.M-2018/TA2**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## എൽ.എൽ.എം കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷ 2018–19 ഉത്തരസൂചിക പ്രസിദ്ധീകരിച്ചു

2019 മാർച്ച് 10, ഞായറാഴ്ച നടത്തിയ എൽ.എൽ.എം കോഴ്സിലേക്കുള്ള 2018–19 വർഷത്തെ പ്രവേശന പരീക്ഷയുടെ ഉത്തര സൂചിക പ്രവേശന പരീക്ഷാകമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വെബ്സൈറ്റിലെ "LLM 2018 Candidate Portal"എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അപ്ലിക്കേഷൻ നമ്പരും പാസ്‌വേർഡും കൃത്യമായി നൽകിയാൽ ഉത്തരസൂചിക ലഭ്യമാകുന്നതാണ്.

ഉത്തര സൂചികകൾ സംബന്ധിച്ച് ആക്ഷേപമുള്ള പരീക്ഷാർത്ഥികൾ പരാതിയോടൊപ്പം അനുബന്ധ രേഖകളും, ആക്ഷേപമുന്നയിക്കുന്ന ഓരോ ചോദ്യത്തിനും 200/– രൂപ ഫീസ് എന്ന ക്രമത്തിൽ പ്രവേശന പരീക്ഷാകമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റും സഹിതം 15.03.2019 വൈകുന്നേരം 4 മണിക്ക് മുൻപായി തപാൽ വഴിയോ നേരിട്ടോ പ്രവേശന പരീക്ഷാകമ്മീഷണർക്ക് ലഭ്യമാക്കേണ്ടതാണ്. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്നതും, നിശ്ചിത ഫീസില്ലാതെ ലഭിക്കുന്നതും, ഇ-മെയിൽ, ഫാക്സ് എന്നിവ മുഖേന ലഭിക്കുന്നതുമായ പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഉന്നയിച്ചിരിക്കുന്ന ആക്ഷേപം ശരിയാണെന്ന് ബോധ്യപ്പെട്ടാൽ അതിനു വേണ്ടി അടച്ച തുക തിരികെ ലഭിക്കുന്നതാണ്.

തിരുവനന്തപുരം
11.03.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**